# ഏ.എഫ്.എഫ് ൮൦/൯൦ വയസ്സിന്റെ നിറവിൽ നിൽക്കുന്ന കുടുംബാംഗങ്ങളെ ആദരിച്ചു

## ആലുങ്കൽ ശ്രീമതി ലാലു ഡാനിയേൽ



മുളന്തുരുത്തി മാളിയേക്കൽ കണ്ണേത്ത് ശ്രീ. കുര്യന്റെയും ആലുങ്കൽ ശ്രീമതി. സാറാമ്മയുടെയും മകളായി 1942 ഒക്ടോബർ മാസത്തിൽ ജനനം. ബാല്യകാലം മാതാപിതാക്കളോടൊപ്പം കൊച്ചിയിൽ താമസമായിരുന്നതിനാൽ പ്രാഥമിക വിദ്യാഭ്യാസം അവിടെ റ്റി.ഡി.സ്കൂളിൽ ആയിരുന്നു. പിന്നീട് ആലുവാ ക്രൈസ്തവ മഹിളാലയം സ്കൂളിൽ അപ്പർ പ്രൈമറി ക്ലാസിൽ ചേർന്നു. എസ് എസ് എൽ സിക്കു ശേഷം തുടർവിദ്യാഭ്യാസം എറണാകുളം മഹാരാജാസിൽ ആയിരുന്നു. അവിടെ നിന്നും ബി.എസ്.സി ബോട്ടണി ഫസ്റ്റ് ക്ലാസിൽ പാസ്സായി. മാതൃ സഹോദരിയോടൊപ്പം ബോംബെയിൽ താമസിക്കവെ കേരളാ യൂണിവേഴ്സിറ്റിയുടെ മറൈൻ സയൻസ് ഡിപ്പാർട്ട്മെന്റിൽ ജോലി ലഭിച്ചു. തുടർന്ന് ജോലി സംബന്ധമായി അവധി എടുത്ത് ലൈബ്രറി സയൻസ് കോഴ്സിന് ചേർന്നു. അതിൽ കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ഒന്നാം റാങ്കോടെ ബി.ലൈബ്.എസ്സി (BLibSc) ഡിഗ്രി കരസ്ഥമാക്കി.

തുടർന്ന് കൊച്ചിൻ യൂണിവേഴ്സിറ്റി രൂപീകൃതമായപ്പോൾ ജോലി അവിടേക്ക് മാറി. വീണ്ടും മാസ്റ്റർ ഓഫ് ലൈബ്രറി & ഇൻഫൊർമേഷൻ സയൻസിൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും പോസ്റ്റ്ഗ്രാജ്വേറ്റ് ഡിഗ്രി ആയ എം.എൽ.ഐ.എസ് കരസ്ഥമാക്കി ജോലിയിൽ തുടർന്നു. നീണ്ട 33 വർഷത്തെ ഔദ്യോഗിക ജീവിതത്തിനു ശേഷം 1997-ൽ യൂണിവെഴ്സിറ്റി ലൈബ്രേറിയനായി വിരമിച്ചു.

1969-ൽ ചാത്തന്നൂർ മുളയിറ വലിയവീട്ടിൽ ശ്രീ. ഡാനിയേൽ ജേക്കബുമായുള്ള വിവാഹം നടന്നു. ശ്രീ. ഡാനിയേൽ ഉദ്യോഗമണ്ഡൽ എഫ്.ഏ.സി.റ്റിയിൽ എഞ്ചിനീയർ ആയിരുന്നു.

രണ്ടു മക്കൾ. ഒരു മകനും ഒരു മകളും. മകൻ ജേക്കബ് ഡാനിയേൽ കുവൈറ്റ് കെ.ഐ.പി.ഐ.സിയിൽ എഞ്ചിനീയറായും മകൾ അന്ന പ്രദീപ് ഈപ്പൻ ദുബായിൽ ഐ.റ്റി പ്രൊഫഷണലായും സേവനം അനുഷ്ഠിച്ചു വരുന്നു.

ശ്രീമതി. ലാലു റിട്ടയർമെന്റിനു ശേഷം കളമശ്ശേരി ശാന്തി നഗർ അനക്സിലെ സ്വന്തം വീട്ടിൽ വിശ്രമ ജീവിതം നയിച്ചു വരുന്നു.

## ശ്രീ. എം സി തമ്പി (യു.എസ്.എ)



തൃപ്പൂണിത്തുറ മൂക്കഞ്ചേരി കുടുംബത്തിൽ ശ്രീ. എം വി ചെറിയാന്റെയും ശ്രീമതി. ഗാറാ ചെറിയാന്റെയും മകനായി ജനനം. പിതാവ് ശ്രീ. ചെറിയാൻ വക്കീലായി പ്രവർത്തിക്കുന്ന കാലത്ത് മട്ടാഞ്ചേരിയിലായിരുന്നു ചേട്ടന്റെ താമസം. 1957-ൽ സെന്റ് ആൽബർട്സ് കോളജിൽ നിന്നും ഡിഗ്രി പഠനത്തിനു ശേഷം അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം നേടി, അവിടെതന്നെ ജോലിയിൽ കയറി.

1965-ൽ ആലുങ്കൽ കരോട്ട് കുടുംബത്തിലെ പ്രൊഫ. ഏ. ഓ. മത്തായിയുടെയും മാർത്തയുടെയും മൂത്ത മകൾ വത്സയെ വിവാഹം ചെയ്ത് ചിക്കാഗോയിൽ സ്ഥിരതാമസമാക്കി.

ഇവർക്ക് രണ്ടു മക്കൾ. (1) പോൾ തമ്പി (യു.എസ്.എ) (2) മാത്യൂ തമ്പി (യു.എസ.എ)

1998-ൽ ചേട്ടൻ റിട്ടയർ ചെയ്തു. 2010-ൽ ഇവർ കൊച്ചിയിൽ വന്നപ്പോൾ ഏ.എഫ്.എഫ് പ്രൊഫ. ഏ ഓ മത്തായിയുടെ സ്മരണക്കായി ഒരു പ്രത്യേക യോഗം സംഘടിപ്പിച്ചു. ശ്രീ. തമ്പിയും ശ്രീമതി. വത്സയും സന്നിഹിതരായിരുന്നു. ഇപ്പോൾ ചേട്ടനും ചേച്ചിയും ചിക്കാഗോയിൽ കഴിയുന്നു.

ഈ മെയ്മാസം 18-ന് ചേട്ടന് 90 വയസ്സ് പൂർത്തിയായെന്ന് വൽസചേച്ചി വഴി വിവരം അറിഞ്ഞു. ചേട്ടൻ ഇപ്പോൾ ഓർമ്മക്കുറവുള്ളതുകൊണ്ട് വീട്ടിൽ തന്നെ കഴിയുന്നു.

ഏ.എഫ്.എഫ് ചേട്ടന് എല്ലാവിധ ആയുരാരോഗ്യങ്ങളും നേരുന്നു.

# ആലുങ്കൽ ഫാമിലി ഫെലോഷിപ്പ് അർപ്പിക്കുന്ന ശ്രദ്ധാഞ്ജലി

## ശ്രീ. ഏ റ്റി വർഗീസ്

**ജനനം 19/12/1944 മരണം 09/07/2022**



കണ്ടനാട് ആലുങ്കൽ കോലാര ത്തിൽ ശ്രീ. ഏ വി തോമസിന്റെയും ശ്രീമതി. ഏല്യാമ്മ തോമസി ന്റെയും മകനായി 19/12/1944-ൽ ജനിച്ചു. കണ്ടനാട്ടും കടുംഗമംഗ ലത്തും വിദ്യാഭ്യാസത്തിനു ശേഷം ഐലന്റിലെ കാസിനോ ഹോട്ടലിൽ ജോലിയിൽ പ്രവേശിച്ചു.

ഇടുക്കി തോക്കുപാറ മുകളേൽ പൈലി ഉതുപ്പ് & ഏല്യാമ്മ ഉതുപ്പ് ദമ്പതികളുടെ മകൾ ശ്രീമതി. അച്ചാമ്മയെ 10/02/1969-ൽ വിവാഹം കഴിച്ചു. 40-ൽ അധികം വർഷത്തെ സേവനത്തിനു ശേഷം കാസിനോയിൽ നിന്നും റിട്ടയർ ചെയ്തു. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് 09/07/2022-ൽ നിര്യാതനായി. സംസ്കാരം അഭിവന്ദ്യ മാത്യൂസ് മാർ ഈവാനിയോസ് തിരുമേ നിയുടെ കാർമ്മീകത്വത്തിൽ കണ്ടനാട് വിശുദ്ധ മർത്ത മറിയം കത്തിഡ്രൽ പള്ളിയിൽ നടന്നു. ഏ.എഫ്.എഫ് റീത്ത് സമർപ്പിക്കുകയും യോഗം ചേർന്ന് അനു ശോചനം അറിയിക്കുകയും ചെയ്തു.

**മക്കൾ:**

കെസിയ മിനോയ്, മെരിയ ബിജു, തോമസ്കുട്ടി

**ഏ.എഫ്.എഫ് പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.**

## ശ്രീ. കെ പി കുര്യാക്കോ

**ജനനം 12/1929 മരണം 07/09/2022**

കാവനാൽ പത്രോസിന്റെയും വിത്തയുടെയും മൂത്ത മകനായി 1929 ഡിസംബർ മാസത്തിൽ കുരീക്കാട് ആലു ങ്കൽ കുടുംബത്തിൽ ജനിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ മാതാവും പിതാവും മൂന്നു മാസത്തിനുള്ളിൽ മരണപ്പെട്ടതി നാൽ ശ്രീ. കുര്യാക്കോയും രണ്ടു സഹോദരന്മാരും ആലുങ്കൽ കുടും ബത്തിന്റെ പൂർണ്ണ സംരക്ഷണത്ത ൽ ആയിരുന്നു വളർന്നു വന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കൃഷിയിലും കുടുംബ കാര്യങ്ങളിലും മുഴുകി കഴിഞ്ഞു.



1953 ഫെബ്രുവരി 21-ന് ബ്രഹ്മമംഗ ലത്ത് കുറ്റിക്കാട്ട് വീട്ടിൽ വർഗീസി ന്റെയും ഏലമ്മയുടെയും മകൾ അന്നമ്മയെ വിവാഹം ചെയ്തു.

രണ്ടു മക്കൾ: മകൻ ശ്രീ. ബാബു, ഡെപ്യൂട്ടി ഡയറക്ടർ, ഖാദി കമ്മീഷൻ (റിട്ടയേഡ്), മകൾ ശ്രീമതി. വത്സ, പോത്താനിക്കാട് പടിഞ്ഞാറെകരയിൽ പരേതനായ പീറ്ററിന്റെ ഭാര്യ

90 വയസ് പിന്നിടുമ്പോഴും ആരോഗ്യവാനായിരുന്ന ചേട്ടൻ ക്രമേണ ക്ഷീണിതനായി. ഭാര്യ അന്നമ്മയുടെ മരണം വളരെ വേദനിപ്പിച്ചു. പിറ്റേദിവസം 07/09/2022-ൽ കർത്താവിൽ നിദ്രപ്രാപിച്ചു. അങ്ങിനെ ഭാര്യയും ഭർത്താവും ഒരു ദിവസത്തിന്റെ വ്യത്യാസത്തിൽ ഈ ലോകത്തോടു വിടപറഞ്ഞു.

**ഏ.എഫ്.എഫ് ചേട്ടന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.**

## ശ്രീമതി. അന്നമ്മ കുര്യാക്കോ

**ജനനം 17/03/1932 മരണം 06/09/2022**

കോട്ടയം ജില്ലയിൽ വൈക്കത്തി നടുത്ത് ബ്രഹ്മമംഗലം കുറ്റിക്കാട്ട് വീട്ടിൽ വർഗീസിന്റെയും ഏലമ്മ യുടെയും മൂന്നാമത്തെ മകളായി 1932 മാർച്ച് 17-ന് ജനിച്ചു. പ്രാഥ മിക വിദ്യാഭ്യാസത്തിനു ശേഷം 1953 ഫെബ്രുവരി 21-ന് കാവ നാൽ പത്രോസിന്റെയും ആലു ങ്കൽ വിത്തയുടെയും മൂത്ത മ കൻ കുര്യാക്കോയെ വിവാഹം ചെയ്തു. ആലുങ്കൽ കുടുംബത്തിന്റെ സംരക്ഷണ ത്തിലും തണലിലുമായിട്ടാണ് ജീവിതത്തിലേക്ക് വഴി നടത്തപ്പെട്ടത്. ശ്രീമതി. അന്നമ്മക്ക് 90 വയസ് പിന്നിടു മ്പോൾ ഓർമ്മക്കുറവ് ബാധിക്കുകയും മകന്റെയും മരു മകളുടെയും പരിചരണത്തിൽ ആവുകയും ചെയ്തു. ചേച്ചി 06/09/2022-ൽ കർത്താവിൽ നിദ്രപ്രാപിച്ചു.

മക്കൾ: ബാബു, റിട്ടയർ ചെയ്ത ഖാദി ഉദ്യോഗസ്ഥൻ, വത്സ, പോത്താനിക്കാട് പടിഞ്ഞാറെതുരുത്തേൽ പരേത നായ പീറ്ററിന്റെ ഭാര്യ

**ഏ.എഫ്.എഫ് ചേച്ചിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.**

**ശ്രീമതി സാറാ ജോർജ്**

**ജനനം 15/03/1928 മരണം 24/10/2022**



വടക്കൻ പറവൂർ അരീക്കൽ മാത്യു വർഗീസിന്റെയും ഏലമ്മയുടെയും മകളായി 1928 മാർച്ച് 15-ന് ജനിച്ചു. പഠിത്തത്തിൽ മിടുക്കിയായിരുന്ന സാറച്ചേച്ചി പറവൂരിലെ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സിയും, എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിന്നും പ്രീ യൂണിവേഴ്സിറ്റിയും പൂർത്തിയാക്കി. ചെറുപ്പം മുതൽ തന്നെ നല്ല നിശ്ചയദാർഢ്യവും കാര്യക്ഷമതയും കൈവരിച്ചിരുന്നു.


1958-ൽ കണ്ടനാട് താഴത്ത് ആലുങ്കൽ ജോർജ് ചേട്ടനുമായുള്ള വിവാഹം നടന്നു. ജോർജ് ചേട്ടൻ അക്കാലത്ത് ബോംബേയിൽ ഒരു വലിയ വിദേശ ഷിപ്പിംഗ് കമ്പനിയിൽ നല്ല ഉദ്യോഗത്തിലായിരുന്നു. രണ്ടു പേരും ചേർന്ന് ബോംബേയിൽ ബന്ധുമിത്രാദികളുടെ ഒരു നല്ല സുഹൃത്‌വലയം 40 വർഷം കൊണ്ട് മെനഞ്ഞെടുത്തു. 2001-ൽ ജോർജ് ചേട്ടന്റെ മരണശേഷം സാറചേച്ചി മകളുടെ കൂടെയായിരുന്നു കഴിഞ്ഞു വന്നത്. 2022 ഒക്ടോബർ 24-ന് മകളുടെ കൊച്ചിയിലുള്ള ഭവനത്തിൽവച്ച് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം കണ്ടനാട് വി.മർത്തമറിയം കത്തീഡ്രൽ പള്ളിയിൽ നടത്തി.

മക്കൾ: ശ്രീമതി. ഷൈനാ മോഹീന്ദ്രു, ശ്രീ. റോണി ജോർജ് (യു.എസ്.എ)

**ഏ.എഫ്.എഫ് ചേച്ചിയുടെ ആത്മാവിന് നിത്യശാന്തിനേരുന്നു.**

**ശ്രീമതി. സൂസി മാത്യൂസ്**

**ജനനം 23/01/1943 മരണം 29/10/2022**




1943 ജനുവരിമാസം 23-ാം തീയതി എറണാകുളത്ത് മുൻ കേന്ദ്ര മന്ത്രിയും ഏ.എഫ്.എഫ് സ്ഥാപക പ്രസിഡന്റുമായിരുന്ന ആലുങ്കൽ ശ്രീ. ഏ എം തോമസിന്റെയും ശ്രീമതി. തങ്കി തോമസിന്റെയും മൂന്നാമത്തെ മകളായി ശ്രീമതി. സൂസി ജനിച്ചു.

സൂസി ചേച്ചിയുടെ വിദ്യാഭ്യാസം അധിക ഭാഗവും ഡൽഹിയിലായിരുന്നു. ഡെൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി ന്യൂട്രീഷൻ ഗോൾഡ് മെഡൽ നേടി പാസ്സായി. 1971 -ൽ ഇൻഡ്യൻ എയർ ഫോഴ്സിൽ ഉയർന്ന ഉദ്യോഗസ്ഥനും ഡെൽഹിയിൽ ശെമ്മാശ്ശനുമായിരുന്ന് പിന്നീട് വൈദികനുമായ തുമ്പമൺ ചക്കിട്ടേടത്ത് ഫാ. സി വി മാത്യുവിനെ വിവാഹം കഴിച്ചു. കുറച്ചു കാലം കഴിഞ്ഞ് ഭർത്താവിനോപ്പം സൗത്ത് ആഫ്രിക്കയിലും സാമ്പിയായിലും മറ്റും ബയോളജി/ഹോം സയൻസ് വിഷയങ്ങളിൽ അദ്ധ്യാപനം നടത്തി. പിന്നീട് നാട്ടിലേക്കു വന്ന് അദ്ധ്യാപനം തുടർന്നു. 2006-ൽ ഫാ. മാത്യൂസിന്റെ നിര്യാണം ചേച്ചിയെ ഒന്നു കുലുക്കിയെങ്കിലും അടിപതറാതെ നിന്നു കൊണ്ട് മക്കൾ മൂന്നു പേരെയും വളർത്തി നല്ല നിലയിൽ എത്തിച്ചു. വളരെ പ്രസന്നവതിയായി മാത്രം സംസാരിക്കുമായിരുന്ന സൂസി ചേച്ചി എല്ലാവർക്കും പ്രിയമുള്ളവൾ ആയിരുന്നു. അനേകം ആളുകളുമായി നല്ല സമ്പർക്കം പുലർത്തിയിരുന്ന വ്യക്തിത്തമായിരുന്നു ചേച്ചിയുടേത്.

മക്കൾ ശ്രീമതി. സീമാ പുത്രാൻ, ശ്രീ. സൈമൺ മാത്യൂസ് & ശ്രീ. സാനു മാത്യൂസ്.

തുമ്പമണ്ണിലെ വീട്ടിലും മക്കളുടെ കൂടെയും മാറിമാറി സന്തോഷത്തോടെ ജീവിച്ച് 29/10/2022 തീയതിയിൽ സൂസിചേച്ചി കർത്താവിൽ നിദ്രപ്രാപിച്ചു.

**ഏ.എഫ്.എഫ് ചേച്ചിയുടെ അത്മാവിന് നിത്യശാന്തി നേരുന്നു.**

## ശ്രീമതി. സാറാക്കുട്ടി തമ്പി

**ജനനം 29/05/1944 മരണം 03/11/2022**



കുരീക്കാട് ആലുങ്കൽ പരേതനായ തമ്പി വർഗീസിന്റെ ഭാര്യയാണ് ശ്രീമതി. സാറാക്കുട്ടി തമ്പി. പിറവം കളമ്പൂർ കടുംതോട്ടിൽ യോഹന്നാൻ - അന്നമ്മ ദമ്പതികളുടെ മകളായി 29/05/1944-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ടൈപ്പ്റൈറ്റിംഗ്-ഷോർട്ട് ഹാൻഡ് പാസ്സായി ബോംബെയിൽ ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷനിൽ ജോലിയിൽ പ്രവേശിച്ചു.

20/08/1967-ൽ ശ്രീ. തമ്പി വർഗീസുമായി വിവാഹം നടന്നു. 40 വർഷത്തെ സർവ്വീസിനു ശേഷം റിട്ടയർ ചെയ്തപ്പോൾ നാട്ടിൽവന്നു താമസമായി. 2022 മാർച്ചിൽ ചേച്ചിക്ക് കോവിഡ് വന്നതിനുശേഷം കിടപ്പിലായി. കുർബാനയും തൈലാഭിഷേകവും എല്ലാം കൈക്കൊണ്ട് 78-ാമത്തെ വയസ്സിൽ മകൾ ക്ഷേമയുടെ വസതിയിൽവച്ച് 03/11/2022-ൽ ചേച്ചി നിര്യാതയായി. കണ്ടനാട് പള്ളി സെമിത്തേരിയിൽ അഭിവന്ദ്യ മാത്യൂസ് മോർ ഈവാനിയോസ് തിരുമേനിയുടെ കാർമ്മീകത്വത്തിൽ ശവസംസ്കാരം നടന്നു. ഏ.എഫ്.എഫ് റീത്ത് സമർപ്പിക്കുകയും അനുശോചന യോഗം കൂടി അനുശോചനം മക്കളെ അറിയിക്കുകയും ചെയ്തു.

ചേച്ചിയുടെ മക്കൾ: ശ്രീ. സാം തമ്പി, പരേതനായ ജോ വർഗീസ്, ശ്രീമതി. ക്ഷേമ സുനിൽ.

**ഏ.എഫ്.എഫ് പരേതയുടെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.**

## ശ്രീമതി. ശാന്താ ജോർജ്

**ജനനം 04/03/1941 മരണം 12/01/2023**



മുൻ കേന്ദ്ര മന്ത്രിയും ഏ.എഫ്.എഫ്-ന്റെ സ്ഥാപക പ്രസിഡന്റുമായിരുന്ന പരേതനായ ശ്രീ. ഏ എം തോമസിന്റെയും ശ്രീമതി. തങ്കി തോമസിന്റെയും മകളായി 04/03/1941-ൽ എറണാകുളത്ത് ജനനം. ഗേൾസ് ഹൈ സ്കൂൾ, എറണാകുളം മഹാരാജാസ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ പഠന ശേഷം ഡൽഹി യൂണിവേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കി. 1960 മെയ് മാസത്തിൽ തൃപ്പൂണിത്തുറ പട്ടശ്ശേരിൽ കെ.എസ്.ഇ.ബി എഞ്ചിനീയർ ശ്രീ. ജോർജ് പീറ്ററുമായുള്ള വിവാഹം നടന്നു.

പിന്നീട് വിംകോ കമ്പനിയിൽ ഉദ്യോഗസ്ഥനായ ജോർജ് ചേട്ടനോടൊപ്പം കമ്പനിയുടെ ബറേലി, ബോംബേ, മദ്രാസ് തുടങ്ങിയ സ്ഥലങ്ങളിൽ 10 വർഷത്തോളം താമസിച്ചു. തുടർന്ന് മക്കളുടെ വിദ്യാഭ്യാസത്തിന്റെ സൗകര്യത്തിനായി കുടുംബത്തോടെ തൃപ്പൂണിത്തുറയിലെ വീട്ടിലേക്ക് താമസം മാറ്റി. അവിടെയിരുന്ന് ജോർജ് ചേട്ടന്റെ കോൺട്രാക്ടിംഗ്/ കൺസൽട്ടിംഗ് കമ്പനിയുടെ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. കുറച്ചു വർഷങ്ങൾക്കു മുമ്പ് തിരുവാങ്കുളത്ത് വീട് വച്ച് താമസമാക്കി.

ചേച്ചി ഏ.എഫ്.എഫിന്റെ സീനിയർ വൈസ് പ്രസിഡന്റ് എന്ന നിലയിൽ അർപ്പിച്ച സേവനത്തിനു പുറമെ കൊച്ചി ഭദ്രാസനത്തിന്റെ മർത്തമറിയം വനിതാ സമാജം വൈസ് പ്രസിഡന്റ്, സമാജത്തിന്റെ കമ്മറ്റി അഡ്വൈസർ തുടങ്ങിയ നിലകളിൽ സജീവമായി പ്രവർത്തിച്ചിരുന്നു.

ജോർജ്ചേട്ടന്റെ മരണശേഷം രണ്ടാമത്തെ മകനും കുടുംബവുമൊപ്പം താമസിച്ചു വരവെ സുഖമില്ലാതെ വരികയും 2023 ജാനുവരി 12-ന് കർതൃ സന്നിധിയിലേക്ക് വിളിക്കപ്പെടുകയും ചെയ്തു.

മക്കൾ; ഡോ. പീറ്റർ ജോർജ് (യു.എസ്.എ), ശ്രീ. തോമസ് ജോർജ് (തിരുവാങ്കുളം) & ശ്രീ. വർഗീസ് ജോർജ് (യു.എസ്.എ)

**ഏ.എഫ്.എഫ് ചേച്ചിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.**

## ശ്രീ. സാബു തോമസ്

**മരണം 16/03/2023**

പെരുവ കളപ്പുരക്കൽ ശ്രീ. കെ സി തോമസിന്റെയും ചെമ്പ് ആലുങ്കൽ ശ്രീമതി. ഏലിയാമ്മ ചെറിയാന്റെയും 3 മക്കളിൽ മൂത്ത മകൻ ശ്രീ സാബു തോമസ് 16/03/2023-ൽ 64-ാം വയസ്സിൽ നിര്യാതനായി. സംസ്കാരം വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

ഒലിയപ്പുറം വണ്ടാനത്ത് ശ്രീ. അബ്രാഹാമിന്റെയും ശ്രീമതി. അന്നക്കുട്ടിയുടെയും മകൾ ശ്രീമതി. മേരിയാണ് അദ്ദേഹത്തിന്റെ ഭാര്യ.



അദ്ദേഹത്തിന് രണ്ടു പെൺമക്കൾ. എലിസബത്ത് സാബു, അന്ന സാബു. പുതുപ്പള്ളി മുല്ലോത്ത് ശ്രീ. എബിൻ അബ്രാഹം എലിസബത്തിനെയും, നെച്ചൂർ പള്ളിക്കത്തടത്തിൽ അജയ് അബ്രാഹം അന്നയേയും വിവാഹം ചെയ്തിരിക്കുന്നു.

ഏ.എഫ്.എഫ് റീത്ത് സമർപ്പിക്കുകയും അനുശോചന യോഗം ചേർന്ന് അനുശോചനം അറിയിക്കുകയും ചെയ്തു.

**ഏ.എഫ്.എഫ് സാബുതോമസിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.**

## Ms. ഷീജാ പീറ്റർ

**ജനനം 24/08/1960 മരണം 31/03/2023**

കണ്ടനാട് ആലുങ്കൽ പടിഞ്ഞാറെ തുരുത്തേൽ അഡ്വ. അബ്രാഹം പീറ്റർ & അച്ചാമ്മ പീറ്റർ ദമ്പതികളുടെ മകളായി 24/08/1960 -ൽ ശ്രീമതി. ഷീജ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പലപല അസുഖങ്ങളെ തുടർന്ന് വീട്ടിൽ വിശ്രമിക്കയായിരുന്നു. 31/03/2023-ൽ 62-ാമത്തെ വയസിൽ ശ്രീമതി. ഷീജ നിര്യാതയായി. അഭിവന്ദ്യ മാത്യൂസ് മോർ ഈവാനിയോസ് തിരുമേനിയുടെ കാർമ്മീകത്വത്തിൽ കണ്ടനാട് പള്ളി സെമിത്തേരിയിൽ സംസ്കാരം നടത്തി. ഏ.എഫ്.എഫ് റീത്തു സമർപ്പുക്കുകയും അനുശോചന യോഗം ചേർന്ന് അനുശോചനം കുടുംബത്തെ അറിയിക്കുകയും ചെയ്തു. ഷീജ എല്ലാ കുടുംബ യോഗങ്ങളിലും മുടങ്ങതെ വന്നിരുന്ന വ്യക്തിയാണ്.



**ഏ.എഫ്.എഫ് ഷീജയുടെആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.**

## ഡോ. അനിയൻ വർഗീസ്

**ജനനം 15/07/1939 മരണം 20/04/2023**

ആലുങ്കൽ കോലാരത്തിൽ ശ്രീ. വർഗീസിന്റെയും ശ്രീമതി. ശോശാമ്മയുടെയും മകനായി 1939 ജൂലൈ 15-ന് ജനിച്ചു. കണ്ടനാട്, കടുംഗമംഗലം, തൃപ്പൂണിത്തുറ എന്നിവടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസവും എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും ഡിഗ്രിയും കഴിഞ്ഞ് ഗവണ്മേന്റ് വെറ്ററിനറി കോളേജിൽ നിന്ന് ബി.വി.എസ്.സി കോഴ്സ് ചെയ്ത് 1961-ൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ചു.



1981-ൽ പാറക്കടവ് പുതുമന കുന്നേൽ മത്തായിയുടെയും ത്രേസ്യാമ്മയുടെയും മകൾ ശ്രീമതി. ട്രീസയെ വിവാഹം കഴിച്ചു. 1995-ൽ തെക്കൻ പറവൂർ വെറ്ററിനറി ആശുപത്രിയിൽ സർവ്വീസിൽ ആയിരിക്കെ റിട്ടയർ ചെയ്തു. പിന്നീട് പൗരൻ എന്ന പേരിൽ സ്വന്തമായി ഒരു പത്രം ആരംഭിച്ചു. കേരള സാഹിത്യ അക്കാഡമി, ചാവറ കൽച്ചറൽ സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭാഗമായി പ്രവർത്തിച്ചുകൊണ്ട് പല പുസ്തകങ്ങളും എഴുതിയിട്ടുള്ള വ്യക്തിയാണ് ചേട്ടൻ. കുറച്ചു കാലമായി ചേട്ടൻ സൂഖമില്ലാതെ ഭാര്യയുടെയും മക്കളുടെയും പരിചരണത്തിൽ ആയിരുന്നു.

മക്കൾ: ഡോ സീമ, റോഷൻ. രണ്ടുപേരും വിവാഹിതരായി കുടുംബ ജീവതം നയിക്കുന്നു. 2023 ഏപ്രിൽ 20-ന് കർത്താവിൽ നിദ്രപ്രാപിച്ചു.

**ഏ.എഫ്.എഫ് ചേട്ടന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.**

**ശ്രീമതി മോളി ഫിലിപ്പ്**

**ജനനം 15/03/1945 മരണം 20/07/2023**



കുരീക്കാട് ആലുങ്കൽ (കോലാരത്തിൽ) പരേതനായ ശ്രീ വർഗീസ് മാസ്റ്ററുടെയും ശ്രീമതി ശോശാമ്മ ടീച്ചറുടെയും മകളായി 15/03/1945-ൽ ശ്രീമതി മോളി ജനിച്ചു. തൃപ്പൂണിത്തുറ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി പാസ്സായ ശേഷം കോട്ടയം സി.എം.എസ് കോളേജിൽ നിന്നും എം.എസ്.സി മാക്സും തുടർന്ന് ബി.എഡും ഉന്നത മാർക്കോടെ പാസായ ശേഷം ഇരുമ്പനം ഹൈസ്കൂളിൽ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് കുഴിക്കാട് ഗവൺമെന്റ് ഹൈസ്കൂളിലും മണീട് ഹൈസ്കൂളിലും ദീർഘകാലം ജോലി നോക്കിയ ശേഷം തൃപ്പൂണിത്തുറ ഗവൺമെന്റ് സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പലായി റിട്ടയർ ചെയ്തു. നല്ല അദ്ധ്യാപികക്കുള്ള പല പുരസ്കാരങ്ങളും ഇതിനകം നേടിയിരുന്നു.

കരിങ്ങാച്ചിറ പള്ളിയിലും കൊച്ചി ഭദ്രാസനത്തിന്റെ വിവിധ സംഘടനകളിലും സജീവ പ്രവർത്തകയായിരുന്നു, പ്രത്യേകാൽ ക്രിസ്തീയ സംഗീതത്തിൽ. പരേത ആലുങ്കൽ കുടുംബ യോഗത്തിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗവും സംഘടനയുടെ പേട്രൻ മെമ്പറും ആയിരുന്നു. ഏ.എഫ്.എഫ്-ന്റെ വാർഷിക യോഗങ്ങളിൽ ശ്രീമതി മോളി ആലപിച്ചിട്ടുള്ള ഗാനങ്ങൾ ഏവരുടെയും ഓർമ്മയിൽ എന്നും കുടികൊള്ളുന്നു.

കരിങ്ങാച്ചിറ കറുത്തേടത്ത് പരേതനായ ആർക്കിടെക്റ്റ് ശ്രീ കെ ജെ ഫിലിപ്പിന്റെ സഹധർമ്മിണി ആയിരുന്നു ശ്രീമതി മോളി. മൂന്ന് ആൺമക്കൾ. ശ്രീ. ജോസഫ് ഫിലിപ്പ്, ഡോ. ജോർജ് ഫിലിപ്പ്, ശ്രീ തോമസ് ഫിലിപ്പ്.

മക്കളോടൊപ്പം കരിങ്ങാച്ചിറയിൽ സ്വന്തം വീട്ടിൽ താമസിച്ചു വരവെ ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് 20/07/2023 തീയതിയിൽ ചേച്ചി കർത്താവിൽ നിദ്ര പ്രാപിച്ചു.

**ഏ.എഫ്.എഫ് ചേച്ചിയുടെ ആത്മാവിന് നിത്യശാന്തി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.**

**ശ്രീ ജോൺ റ്റി ചാക്കോ**

**ജനനം 21/10/1961 മരണം 29/08/2023**



പരേതനായ ശ്രീ ജോൺ റ്റി ചാക്കോ മുണ്ടക്കയം തൊടിയിൽ പറമ്പിൽ കെ സി ചാക്കോയുടെയും ഏലിയാമ്മ ചാക്കോയുടെയും പുത്രനായി 21/10/1961-ൽ ജനിച്ചു. മുണ്ടക്കയം സി.എം.എസ് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സിയും തുടർന്ന് പ്രീഡിഗ്രി/ ഐ.ടി.ഐ പാസായ ശേഷം ഡെൽഹിയിലെ പ്രശസ്തമായ പ്രഷർ കുക്കർ നിർമ്മാണ കമ്പനിയിൽ 16 വർഷത്തിലധികം കാലം ജോലി നോക്കി. അതിനു ശേഷം നാട്ടിൽ വന്ന് കിഴക്കമ്പലത്തെ അന്ന അലൂമിനിയം കമ്പനിയുടെ പ്രഷർ കുക്കർ വിഭാഗത്തിൽ 15 വർഷത്തിലേറെ ജോലി നോക്കിയ ശേഷം റിട്ടയർ ചെയ്തു.

ശ്രീ ജോൺ എളംകുളം സി.എസ്.ഐ പള്ളിയുടെ തികഞ്ഞ വിശ്വാസിയും സജീവ പ്രവർത്തകനും ആയിരുന്നു. പെട്ടെന്നുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 29/08/2023-ന് കർത്താവിൽ നിദ്ര പ്രാപിക്കുകയും ചെയ്തു. ശവസംസ്കാരം 01/09/2023 തീയതിയിൽ എളംകുളം സി.എസ്.ഐ പള്ളിയുടെ ചിറ്റൂർ റോഡിലുള്ള സെമിത്തേരിയിൽ നടന്നു.

ഭാര്യ കുരീക്കാട് ആലുങ്കൽ കുടുംബാംഗം ശ്രീമതി ഷീന ജോൺ. മകൻ ശ്രീ ജിതിൻ ജോൺ (കാനഡ). ഏ.എഫ്.എഫ് പരേതന്റെ ചിത്രപ്പുഴയുള്ള ഭവനത്തിൽ അനുശോചനം അറിയിച്ച് റീത്ത് സമർപ്പിക്കുകയും ചെയ്തു.

**ഏ.എഫ്.എഫ് പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.**